**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

അൺ എയ്ഡഡ് സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ- സെന്റ് ജോൺസ് കോളേജ്, പ്രക്കാനം- കോളേജിന്റെ അഫിലിയേഷൻ പിൻവലിക്കുവാൻ തീരുമാനിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 7 സെക്ഷൻ**

നമ്പർ. 1703/AC A 7/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 20.03.2020

---

*പരാമർശം:*-1) സർവ്വകലാശാല ഉത്തരവ് നമ്പർ എ.സി.എ 7/ 1095/ 03 തീയതി 29.07.2003.

2) സർവ്വകലാശാല ഉത്തരവ് നമ്പർ 6408(എ)/ 3/ 15/ 7 തീയതി 02.11.2015.

3) സർവ്വകലാശാല ഉത്തരവ് നമ്പർ 3205/ 3/ 13/ എ.സി.എ 7, തീയതി 30.05.2017.

4) 2018 -19 അദ്ധ്യയനവർഷം എം.ബി.എ, ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ പ്രോഗ്രാമു കളുൾപ്പെടെ അഫിലിയേഷൻ നീട്ടിനൽകുന്നതിനായി സെന്റ് ജോൺസ് കോളേജ്, പ്രക്കാനം, മാനേജർ സമർപ്പിച്ച 18.05.2018 തീയതിയിലെ അപേക്ഷ.

5) സർവ്വകലാശാല ഉത്തരവ് നമ്പർ 1040/ 3/ 18/ എ.സി.എ 7, തീയതി 16.02.2018 പ്രകാരം രൂപീകൃതമായ പരിശോധനാ കമ്മീഷൻ റിപ്പോർട്ട്.

6) 2018 ആഗസ്റ്റ് 09 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 76/ 18.06/ 186114

7) കാരണം കാണിക്കൽ നോട്ടീസ് നം. 6602/ 3/ 18/ എ.സി.എ 7, തീയതി 12.09.2018

8) കാരണം കാണിക്കൽ നോട്ടീസിന് കോളേജ് മാനേജർ സമർപ്പിച്ച മറുപടി കത്ത് നം. SJCAffiliation/ 2018-19, തീയതി: 26.09.2018.

9) സർവ്വകലാശാല ഉത്തരവ് നമ്പർ 6320/ എ.സി.എ 7/ 2019/ എം.ജി.യു, തീയതി 10.12.2019

10) നോട്ടീസ് നമ്പർ 46580/ എ.സി.എ 7/ 3/ എ.സി.സി 1, തീയതി 04.02.2020

11) 2020 ഫെബ്രുവരി 15 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 223/ 20.01/ 200063.

**<u>ഉത്തരവ്</u>**

സെന്റ് ജോൺസ് കോളേജ്, പ്രക്കാനം,പത്തനംതിട്ട പരാമർശം (1) പ്രകാരം, എം.ബി.എ പ്രോഗ്രാം ഉൾപ്പെടുത്തികൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട അൺ എയ്ഡഡ് സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജ് ആണ്. അഫിലിയേഷന് ആവശ്യമായ വ്യവസ്ഥകൾ പാലിക്കാതിരുന്നതിനാൽ, സർവ്വകലാശാല ഉത്തരവ് പരാമർശം (2)

Draft #5 of File 46580/AC A7/3/2019/AC C 1 Approved by ASSISTANT REGISTRAR I (ACADEMIC) on 19-Mar-2020 07:06 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പ്രകാരം 2015-16 അദ്ധ്യയനവർഷം കോളേജിന്റെ അഫിലിയേഷൻ റദ്ദ് ചെയ്യുകയും, പിന്നീട് പരാമർശം (3) പ്രകാരം 2017-18 അദ്ധ്യയനവർഷം കോളേജിന്റെ അഫിലിയേഷൻ പുനസ്ഥാപിക്കുകയും ചെയ്തിരുന്നു. എന്നാൽ കോളേജ് 2017-18 അദ്ധ്യയനവർഷം മുതൽ അഡ്മിഷൻ നടത്തിയിരുന്നില്ല.

സെന്റ് ജോൺസ് കോളേജ്, പ്രക്കാനം,പത്തനംതിട്ടയിൽ 2018-19 അദ്ധ്യയനവർഷം എം.ബി.എ, ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ പ്രോഗ്രാമുകളുൾപ്പെടെ അഫിലിയേഷൻ നീട്ടിനൽകുന്നതിനായി കോളേജ് മാനേജർ പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. 2018-19 അദ്ധ്യയനവർഷം സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ അഫിലിയേഷൻ നീട്ടിനൽകുന്നതിനായി പരാമർശം (5) പ്രകാരം രൂപീകൃതമായ പരിശോധന കമ്മീഷൻ റിപ്പോർട്ട് പരിഗണിച്ച, 09.08.2018 തീയതിയിലെ സിൻഡിക്കേറ്റ് ,പരാമർശം (6) പ്രകാരം ചട്ടപ്രകാരമുള്ള നടപടികൾ പാലിക്കാതെ 2017-18 അധ്യയന വർഷത്തിൽ കുട്ടികളെ പ്രവേശിപ്പിക്കാത്തതിനും, ക്ലാസ്സുകൾ നടത്താതിരുന്നതിനും അഫിലിയേഷൻ പിൻവലിക്കാതിരിക്കുവാൻ കാരണം കാണിക്കൽ നോട്ടീസ് നൽകുവാൻ തീരുമാനിക്കുകയും, പരാമർശം (7) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിരുന്നു.

കാരണം കാണിക്കൽ നോട്ടീസിന് കോളേജ് മാനേജർ പരാമർശം (8) പ്രകാരം സമർപ്പിച്ച മറുപടിയിൽ ' 2017-18 ലെ അഫിലിയേഷൻ വൈകി ലഭിച്ചതിനാൽ (28.07.2017 ൽ) എം.ബി.എ കോഴ്സിന് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുവാനോ, അദ്ധ്യാപകരെ നിയമിക്കുവാനോ, കോഴ്സ് ആരംഭിക്കുവാനോ കഴിഞ്ഞിരുന്നില്ലെന്നും, ആയതിനാൽ 2018-19 വർഷത്തിൽ എം.ബി.എ കോഴ്സ് തുടങ്ങുവാൻ അഫിലിയേഷൻ തരുന്നതിലേയ്ക്ക് അപേക്ഷിച്ചിട്ടും യൂണിവേഴ്സിറ്റിയുടെ പക്ഷത്ത്നിന്നും യാതൊരു മറുപടിയും ലഭിച്ചിരുന്നില്ലെന്നും, ഈ സാഹചര്യത്തിൽ കോഴ്സിന് വേണ്ട അദ്ധ്യാപകരുടെ നിയമനം ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾക്ക് അനിശ്ചിതാവസ്ഥ നിലനിന്നതിനാൽ കോഴ്സ് നടത്തുവാൻ കഴിഞ്ഞില്ലായെന്നും, 2018-19 വർഷം അഫിലിയേഷൻ പുതുക്കി നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കണമെന്നും, 2019-20 അദ്ധ്യയനവർഷം മുതൽ എം.ബി.എ കോഴ്സ് തുടങ്ങാനുള്ള എല്ലാ ക്രമീകരണങ്ങളും ആരംഭിച്ചിട്ടുണ്ട് ' എന്ന് രേഖപ്പെടുത്തിയിരുന്നു.

കാരണം കാണിക്കൽ നോട്ടീസിന്റെ മറുപടി പരിഗണിച്ച 2019 നവംബർ 16 തീയതിയിലെ സിൻഡിക്കേറ്റ് യോഗം പരാമർശം (9) പ്രകാരം കോളേജ് പ്രിൻസിപ്പലിനെയും, മാനേജരെയും അഫിലിയേഷൻ കമ്മറ്റി മുൻപാകെ ഹിയറിംഗിന് ഹാജരാകുവാൻ നിർദ്ദേശിക്കുന്നതിന് തീരുമാനിക്കുകയും, പരാമർശം (10) പ്രകാരം 06 .02 .2020 ൽ ഹിയറിംഗ് നടത്തുകയും ചെയ്തു .

2020 ഫെബ്രുവരി 15 തീയതിയിലെ സിൻഡിക്കേറ്റ് യോഗം പരാമർശം (11) പ്രകാരം

Draft #5 of File 46580/AC A7/3/2019/AC C 1 Approved by ASSISTANT REGISTRAR I (ACADEMIC) on 19-Mar-2020 07:06 PM - Page 2

,സർവ്വകലാശാല സിൻഡിക്കേറ്റ് ഹാളിൽ 06.02.2020 തീയതി രാവിലെ 11.30 ന് നടന്ന ഹിയറിംഗിൽ സെന്റ് ജോൺസ് കോളേജ്,പ്രക്കാനം, പത്തനംതിട്ടയ്ക്ക് അഫിലിയേഷൻ പിൻവലിക്കാതിരിക്കുവാൻ നൽകിയ കാരണം കാണിക്കൽ നോട്ടീസിന്മേലുള്ള മറുപടിയിന്മേൽ ഹിയറിംഗ് സംബന്ധിച്ച് ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന തീരുമാനം കൈക്കൊണ്ടു. ' 2017-18 അദ്ധ്യയനവർഷം അഫിലിയേഷൻ ഉത്തരവ് വൈകി ലഭിച്ചതിനാൽ കുട്ടികളെ അഡ്മിറ്റ് ചെയ്യുവാൻ സാധിച്ചില്ലെന്നും, 2017-18 അദ്ധ്യയനവർഷം അഡ്മിഷൻ നടത്താതിരുന്നപ്പോൾ സ്റ്റാറ്റ്യൂട്ട് പ്രകാരം ചെയ്യേണ്ടിയിരുന്ന, താൽക്കാലികമായി കോഴ്സ് നിർത്തലാക്കിവെയ്ക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടില്ലെന്നും കോളേജ് അറിയിച്ചു. അടുത്ത അദ്ധ്യയനവർഷത്തേയ്ക്ക് അഫിലിയേഷൻ ലഭിക്കുകയാണെങ്കിൽ കൃത്യമായി കുട്ടികളെ അഡ്മിറ്റ് ചെയ്യുവാൻ സാധിക്കുമെന്ന് കോളേജ് മാനേജ്മെന്റ് അറിയിച്ചു.

സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള കോളേജുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള പ്രോഗ്രാമുകൾ നടത്തുവാൻ സാധിക്കാതെ വരുമ്പോൾ മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് 1997, ചാപ്റ്റർ 23, സ്റ്റാറ്റ്യൂട്ട് 15 അനുസരിച്ച് പ്രസ്തുത പ്രോഗ്രാം താൽക്കാലികമായി നിർത്തലാക്കുന്നതിന് മതിയായ ഫീസടച്ച് അപേക്ഷ സമർപ്പിക്കേണ്ടതും, അടുത്ത അദ്ധ്യയനവർഷം സിൻഡിക്കേറ്റിന്റെ അനുവാദത്തോടുകൂടി പ്രോഗ്രാം പുനരാരംഭിക്കേണ്ടതുമാണ്. 2017-18 അദ്ധ്യയനവർഷം അഡ്മിഷൻ നടത്താതിരുന്നപ്പോൾ കോളേജ് സ്റ്റാറ്റ്യൂട്ട്, ചാപ്റ്റർ 23, സ്റ്റാറ്റ്യൂട്ട് 15 അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. 2018-19, 2019-20 വർഷങ്ങളിൽ കോളേജിൽ കുട്ടികളെ പ്രവേശിപ്പിച്ചിട്ടുമില്ല. ആയതിനാൽ കോളേജിന്റെ അഫിലിയേഷൻ പിൻവലിക്കുവാൻ തീരുമാനിച്ചു'.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സനൽകുമാർ ടി വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) പ്രിൻസിപ്പൽ/ മാനേജർ, സെന്റ് ജോൺസ് കോളേജ് പ്രക്കാനം, പത്തനംതിട്ട.
2) വി.സി/ പി.വി.സി എന്നിവരുടെ പി.എസ് മാർ
3) രജിസ്ട്രാർ/ എഫ്.ഓ / സി.ഇ എന്നിവരുടെ പി.എ മാർ
4) ജെ.ആർ 2 (ഭരണം)/ ഡി.ആർ 1, എ.ആർ 1 (അക്കാദമിക്)
5) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ ഐ.ക്യൂ.എ.സി/ഇ എ 1 / 2 സെക്ഷനുകൾ
6) പി.ആർ.ഓ/ എൻക്വയറി

ഉത്തരവിൻ പ്രകാരം

Draft #5 of File 46580/AC A7/3/2019/AC C 1 Approved by ASSISTANT REGISTRAR I (ACADEMIC) on 19-Mar-2020 07:06 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സെക്ഷൻ ഓഫീസർ

Draft #5 of File 46580/AC A7/3/2019/AC C 1 Approved by ASSISTANT REGISTRAR I (ACADEMIC) on 19-Mar-2020 07:06 PM - Page 4

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം